നടത്തിയിട്ടുള്ള നിയമനങ്ങളാണധികവും. ഈ നിയമനങ്ങൾ ഗവൺമെൻറ് അംഗീകരിച്ചിട്ടില്ല. 256 പേരുടെ നിയമനം കോർപ്പറേഷൻ ഡയറക്ടർ ബോർഡ് റഗുലറൈസ് ചെയ്തത് ഗവൺമെൻറ് പരിശോധനക്ക് വിധേയമാക്കിയിരിക്കുകയാണ്.

(സി) ആയിരം രൂപയോ അതിൽ കൂടുതലോ അടിസ്ഥാന ശമ്പളമുള്ള തസ്തികകളിലേക്കുള്ള നിയമനങ്ങൾ ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ നടത്തുക, അതിനുതാഴെയുള്ള തസ്തികകളിലേക്ക് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് നടത്തുക. എഴുന്നൂറുരൂപയും അതിനു താഴെയും ശമ്പളമുള്ള സൂപ്പർവൈസറിയും മാനേജറിയലും വിഭാഗത്തിലുള്ളവരെ പി.എസ്.സി. വഴി നിയമിക്കുക, എഞ്ചിനീയർമാരെ പി.ഡബ്ലിയു.ഡി.യിൽനിന്നും മറ്റും ഡെപ്യൂട്ടേഷനിൽ നിയമിക്കുക ഇവയാണ് നിയമനങ്ങൾക്ക് അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ. കോൺട്രാക്ടറ് വ്യവസ്ഥയിലും ദിവസശമ്പളത്തിൽ താല്ക്കാലികാടിസ്ഥാനത്തിലും നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യം ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കയാണ്.

കിഴക്കേത്തെരുവ്-പത്തനാപുരം റോഡ്

1056 [1676] ശ്രീ. ഇ. കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേത്തെരുവ്-പത്തനാപുരം റോഡിൻെറ രണ്ടാം ഭാഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് 1978-79-ലെ ബഡ്ജറിൽ തുക ഉൾപ്പെടുത്തിയിരുന്നോ;

(ബി) ആ റോഡിൻെറ അഭിവൃദ്ധിപ്പെടുത്തൽ നടപടി എത്രത്തോളമായെന്ന് പറയാമോ?

ഉത്തരം

(എ) 1978-79-ലെ ബഡ്ജറിൽ ഈ പണിക്ക് 100 രൂപ വകകൊള്ളിച്ചിരുന്നു.

(ബി) ഇതിൻെറ അടങ്കൽ കൊല്ലം ബി ആൻറ് ആർ ഡിവിഷനാഫീസിൽ പരിശോധനയിലാണ്.

റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് നടപടി

1057 [1677] ശ്രീ. ഇ.കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉറുകുന്നിൽനിന്നും റയിൽവേ സ്റേഷൻ വഴി ഒറക്കല്ലിലേക്കുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് കഴിഞ്ഞ ബഡ്ജറിൽ എന്തു തുക ഉൾപ്പെടുത്തിയിരുന്നു;

(ബി) ഈ റോഡിൻെറ പണി പൂർത്തിയാക്കാതിരുന്നതിൻെറ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പണിക്ക് 1978-79-ലെ ബഡ്ജറിൽ 20,000 രൂപ വകയിരുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly